ലൂടെ സാധിക്കുമെന്ന് കരുതുന്നുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ?

വനവും ഗതാഗതവും വകുപ്പുമന്ത്രി (ഡോ.എ. നീലലോഹിതദാസൻ നാടാർ) :

(എ) ഉണ്ട്

(ബി) ഇതിലേക്കായി ഒരു പ്രോജക്ട് പ്രൊപ്പോസൽ (കരട്) തയ്യാറാക്കിയിട്ടുണ്ട്.

(സി) സംസ്ഥാനത്ത് സ്ഥാപിക്കുവാൻ ഉദ്ദേശിക്കുന്ന ഫോറസ്റ്റ് അക്കാഡമിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ താഴെ ചേർക്കുന്നു.

1. വനംവകുപ്പിലെ ഉദ്യോഗസ്ഥന്മാർക്ക് ആവശ്യമായ പരിശീലനം നൽകി വനംവകുപ്പിന്റെ മാനവശേഷി ശക്തിപ്പെടുത്തുക.

2. വനംവകുപ്പിൽ ജോലിചെയ്യുന്ന ഉദ്യോഗസ്ഥന്മാരെക്കുറിച്ചുള്ള അടിസ്ഥാന സ്ഥിതിവിവരം ശേഖരിക്കുക.

3. വനം വന്യജീവി സംരക്ഷണ സംബന്ധമായ പരിശീലനം നൽകുന്നതിന് അനുയോജ്യമായ വിധത്തിൽ ഒരു സെന്റർ ഓഫ് എക്സലൻസ് രൂപീകരിക്കുക.

(ഡി) ഫോറസ്റ്റ് അക്കാഡമിയുടെ ആസ്ഥാനം തിരുവനന്തപുരത്ത് പി.ടി.പി. നഗറിലുള്ള രാജീവ്ഗാന്ധി ഫോറസ്റ്റ് കോംപ്ലക്സിലായിരിക്കണമെന്നാണ് ഉദ്ദേശിക്കുന്നത്.

(ഇ) ഫോറസ്റ്റ് അക്കാഡമിയുടെ ഭരണപരമായ നിയന്ത്രണം കൺസർവേറ്റർ റാങ്കിലുള്ള ഒരു ഡയറക്ടറിൽ നിക്ഷിപ്തമാക്കാനാണ് ഉദ്ദേശിക്കുന്നത്.

(എഫ്)ഉണ്ട്. വനസംരക്ഷണ പ്രവർത്തനങ്ങൾ ജനപങ്കാളിത്തത്തോടെ നടപ്പാക്കുന്നതിന് വേണ്ട ബോധവൽക്കരണവും പരിശീലനവും നടത്തുന്നതിന് ഉദ്ദേശിക്കുന്നു.

20 (*453) പച്ചക്കറി ശീതികരിച്ച് സൂക്ഷിക്കുന്നതിന് സംവിധാനം

ശ്രീ. ജോൺ ഫെർണാണ്ടസ് :

ശ്രീ. എൻ.ആർ. ബാലൻ :

ശ്രീ. വെങ്ങാനൂർ പി. ഭാസ്കരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പച്ചക്കറി ശീതീകരിച്ച് സൂക്ഷിക്കുന്നതിന് എന്തെങ്കിലും സംവിധാനം ഏർപ്പെടുത്താൻ ഉദ്ദേശമുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത പദ്ധതിയുടെ വിശദാംശം വെളിപ്പെടുത്തുമോ;

(സി) പച്ചക്കറി ശീതീകരിച്ചു സൂക്ഷിക്കാനുള്ള സംഭരണശാലകൾ സംസ്ഥാനത്ത് എവിടെയെല്ലാം ആരംഭിക്കാനാണ് സർക്കാർ ഉദ്ദേശിക്കുന്നതെന്ന് വെളിപ്പെടുത്തുമോ;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) സംസ്ഥാനത്ത് പച്ചക്കറി ശീതീകരിച്ച് സൂക്ഷിക്കുന്നതിനുള്ള സാങ്കേതികവിദ്യ എപ്രകാരം ലഭ്യമാക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വെളിപ്പെടുത്തുമോ;

(ഇ) സംസ്ഥാനത്ത് കൂടുതൽ പച്ചക്കറി ഉല്പാദിപ്പിക്കുന്ന മേഖലകളിൽ ശീതീകരണ സംഭരണശാലകൾ സ്ഥാപിക്കാൻ നടപടി സ്വീകരിക്കുമോ?

കൃഷി വകുപ്പുമന്ത്രി (ശ്രീ.കൃഷ്ണൻ കണിയാംപറമ്പിൽ) :

(എ) ഉണ്ട്

(ബി)&(സി)പാലക്കാട് ജില്ലയിലെ എരിത്തിയാമ്പതി, ഇടുക്കിജില്ലയിലെ മൂന്നാർ എന്നിവിടങ്ങളിൽ ഹോർട്ടികോർപ്പിന്റെ ആഭിമുഖ്യത്തിൽ പച്ചക്കറി സംഭരിച്ച് സൂക്ഷിക്കുവാൻ ശീതീകരണ സംഭരണശാലകൾ സ്ഥാപിക്കുന്നതിനുള്ള പ്രാരംഭനടപടികൾ സ്വീകരിച്ചുവരുന്നു. കൃഷിവകുപ്പിന്റെ ആഭിമുഖ്യത്തിൽ ഊർജ്ജിത പച്ചക്കറി വികസനപദ്ധതിപ്രകാരം ഇടുക്കി, വയനാട് ജില്ലകളിൽനിന്നും ശീതകാല പച്ചക്കറികൾ സംഭരിച്ച് വിപണനം നടത്തുവാനായി ഒരു ശീതീകരിച്ച വാഹനം വാങ്ങുന്നതിനുള്ള നടപടികൾ ആരംഭിച്ചുകഴിഞ്ഞു.

(ഡി) കേരള കാർഷിക സർവകലാശാലയുടെ സാങ്കേതിക സഹായത്തോടുകൂടി ഈ പദ്ധതി നടപ്പിൽ വരുത്താൻ ഉദ്ദേശിക്കുന്നു.

(ഇ) പരിഗണനയിലുള്ള സംഭരണശാലകൾ സ്ഥാപിച്ച് പ്രവർത്തനം നിരീക്ഷിച്ചശേഷം കൂടുതൽ മേഖലകളിൽ വ്യാപിപ്പിക്കുന്ന കാര്യം ആലോചിക്കുന്നതാണ്.

21 (454) എണ്ണപ്പനയിൽനിന്നും പാംഓയിൽ വേർതിരിച്ചെടുക്കുന്നതിന് സംവിധാനം

ശ്രീമതി ജെ. മെഴ്സിക്കുട്ടി അമ്മ :
ശ്രീ. എം.വി. ഗോവിന്ദൻ മാസ്റ്റർ :
ശ്രീമതി കെ.കെ. ശൈലജ ടീച്ചർ :
ശ്രീ. രാജു എബ്രഹാം :
ശ്രീ. കടകംപള്ളി സുരേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എണ്ണപ്പനകുലയിൽനിന്നും പാംഓയിൽ വേർതിരിച്ചെടുക്കുന്ന മില്ല് ഭാരതീപുരത്ത് പ്രവർത്തനത്തിന് സജ്ജമായിട്ടുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത മില്ലിന്റെ പ്രവർത്തനശേഷി എത്ര എന്ന് വെളിപ്പെടുത്തുമോ;

(സി) പ്രസ്തുത മില്ലിൽ എണ്ണപ്പനകുരുവിൽനിന്നുകൂടി എണ്ണ ഉല്പാദിപ്പിക്കുന്നതിന് എന്തെങ്കിലും സംവിധാനമുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(ഡി) എണ്ണപ്പനകുലയിൽനിന്നും പാംഓയിൽ വേർതിരിച്ചെടുക്കുന്ന മില്ലിന്റെ ആവശ്യത്തിലേയ്ക്കുള്ള അസംസ്കൃത സാധനങ്ങൾ ലഭ്യമാക്കാൻ എന്തെല്ലാം നടപടി സ്വീകരിച്ചെന്ന് വ്യക്തമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly